പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1541.

03.05.2017 - ൽ
മറുപടിയ്ക്ക്

## പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് കൂടുതൽ പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ: | (എ) ഐ.എം.ജി. നാഷണൽ പോലീസ് അക്കാഡമി. ബി.പി.ആർ & ഡി എന്നിവരുടെ സഹകരണത്തോടെ എല്ലാ വിഭാഗത്തിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കും സി.സി.ടി.എൻ.എസ്., സൈബർ ഫോറൻസിക്സ്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക്, എത്തിക്കൽ ഹാക്കിംഗ് തുടങ്ങിയ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി ശാസ്ത്രീയ കുറ്റാന്വേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന വിധത്തിൽ ട്രെയിനിംഗ് കോഴ്സുകൾ നൽകി വരുന്നുണ്ട്.<br><br>ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ തുടങ്ങിയ വിഷയങ്ങളിൽ നിലവിലെ അടിസ്ഥാന പരിശീലന സിലബസ് പ്രകാരമുള്ള പരിശീലനത്തിന് പുറമെ സബ് ഇൻസ്പെക്ടർ ട്രെയിനികൾക്ക് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പ്രത്യേക പരിശീലനവും നൽകിവരുന്നു. സി.ഡി.റ്റി.എസ് ഹൈദരാബാദ്, സി.ബി.ഐ അക്കാദമി ഗാസിയാബാദ് എന്നിവിടങ്ങളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ഇൻ-സർവ്വീസ് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. |
| (ബി) കേസന്വേഷണം കൂടുതൽ കാര്യക്ഷമവും. സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനുവേണ്ടി പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ: വ്യക്തമാക്കുമോ: | (ബി) കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുവാൻ കുറ്റകൃത്യങ്ങളുടെ തീവ്രത അനുസരിച്ച് തരംതിരിച്ച് അതിന്റെ അന്വേഷണ ഉദ്യോഗസ്ഥനെ പുനർ നിർണ്ണയിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ-മാർ അന്വേഷിച്ചുകൊണ്ടിരുന്ന പല കേസ്സുകളും ഇനിമുതൽ സർക്കിൾ ഇൻസ്പെക്ടർമാർക്കാണ് അന്വേഷണ ചുമതല. |

ഏതെല്ലാമെല്ലാം കുറ്റങ്ങളെ ആധുനിക രീതിയിൽ

പഴുതടച്ച് ചോദ്യം ചെയ്യുന്നതിനായി പ്രത്യേക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത ഹെൽപ്പ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലന പരിപാടികൾ പോലീസ് ട്രെയിനിംഗ് കോളേജ്, കേരള പോലീസ് അക്കാദമി, ഐ.എം.ജി എന്നീ സംസ്ഥാനത്തിനകത്തെ പരിശീലന സ്ഥാപനങ്ങൾ വഴിയും സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പോലീസ് അക്കാദമി-ഹൈദരാബാദ്, നോർത്ത് ഈസ്റ്റേൺ പോലീസ് അക്കാദമി-മേഘാലയ, സെൻട്രൽ ഡിറ്റക്ടീവ് ട്രെയിനിംഗ് സ്കൂൾ-ഹൈദരാബാദ്, സി.ബി.ഐ അക്കാദമി-ഗാസിയാബാദ്, LNJN NICFS-ന്യൂഡൽഹി തുടങ്ങിയ സംസ്ഥാനത്തിന് പുറത്തുള്ള വിവിധ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പോലീസുദ്യോഗസ്ഥർക്ക് ആധുനിക പരിശീലനം നൽകി വരുന്നു.

(സി) ശാസ്ത്രീയ അന്വേഷണത്തിനുള്ള പരിശോധനകൾക്കായി എത്ര ലാബുകളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ; കൂടുതൽ ലാബുകൾ ആരംഭിക്കുവാൻ തയ്യാറാകുമോ?

(സി) പോലീസ് വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയും, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളും പ്രവർത്തിച്ചു വരുന്നു. കൊച്ചിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

[signature]

സെക്ഷൻ ഓഫീസർ